*➪ രാത്രി മുഴവൻ കാതിക്കുടം ഗ്രാമം പോലീസിന്റെ നിയന്ത്രണത്തിലായിരുന്നു ➪*

വൈകിയും ചാലക്കുടിയിലെയും കൊരട്ടിയിലെയും ആശുപത്രികളിൽ എത്തുന്നുണ്ടായിരുന്നു. രാത്രിയിൽ കളക്ടർ ഉൾപ്പെടെയുള്ളവർ ഇടപെട്ടതോടെയാണ് കാതിക്കുടത്ത് നടന്ന സംഘർഷങ്ങൾ അവസാനിച്ചത്.

അതുവരെ ആരെയും കാതിക്കുടത്തേക്ക് പ്രവേശിക്കുന്നതിനോ പരിക്കേറ്റ് പല സ്ഥലത്തായി ഒറ്റപ്പെട്ടുപോയവരെ ആശുപത്രിയിലേക്ക് എത്തിക്കുന്നതിനോ പോലീസ് അനുവദിച്ചില്ല. രാത്രി മുഴവൻ കാതിക്കുടം ഗ്രാമം പോലീസിന്റെ നിയന്ത്രണത്തിലായിരുന്നു.

പോലീസ് അഴിഞ്ഞാടിയതിന്റെ രോഷം ഉള്ളിൽ നിന്നും മാറാത്ത നാട്ടുകാർ പിറ്റേന്ന് രാവിലെ തന്നെ കമ്പനിപ്പടിക്കൽ മുദ്രാവാക്യങ്ങളുമായി സംഘടിച്ചു. കൈക്കുഞ്ഞുങ്ങളുമായിപ്പോലും അനവധി സ്ത്രീകൾ സമരത്തിനെത്തി.

ജൂലായ് 24ന് മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് ആക്ഷൻ കൗൺസിൽ ഉപരോധ സമരം തുടരാൻ തീരുമാനിച്ചു. കമ്പനി പൂട്ടാനാവില്ലെന്നും നിയന്ത്രണമാകാമെന്നും സർക്കാർ പറഞ്ഞതോടെ സമരസമിതി അംഗങ്ങൾ ചർച്ചയിൽ നിന്ന് ഇറങ്ങിപ്പോയി. തുടർന്ന് 25-ാം തീയതി മുതൽ കമ്പനിപ്പടിക്കൽ ഉപരോധ സമരം ആരംഭിച്ചു. ഉപരോധ സമരം നടത്തിയവർ അറസ്റ്റ് വരിക്കുകയും സ്റ്റേഷൻ ജാമ്യം നിരസിച്ച് ജയിലിൽ പോകുകയും ജയിലിൽ നിരാഹാര സമരം നടത്തുകയും ചെയ്യുകയാണ്. ■

**കാതികുടം സമരത്തെ പോലീസ് ഭീകരമായി മർദിച്ചൊതുക്കുകയായിരുന്നുവെന്ന് ആക്ഷൻ കൗൺസിൽ കൺവീനർ കെ.എം. അനിൽകുമാർ. ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെ ബൈജു ജോണിനോട് സംസാരിച്ചത്.**

# കമ്പനിയുടെ ചിലവിൽ പോലീസ് നരനായാട്ട്



**കാതിക്കുടത്ത് അന്തിമ സമരം പ്രഖ്യാപിച്ച ജനങ്ങളെ ക്രൂരമായാണ് പോലീസ് നേരിട്ടിരിക്കുന്നത്. എന്താണ് കാതിക്കുടത്ത് സംഭവിച്ചത്?**

രാവിലെ മുതൽ തുടങ്ങിയ സമരം പ്രകോപനങ്ങളുണ്ടാക്കാതെയാണ് തുടർന്നിരുന്നത്. ഇതിനിടയിൽ സമരക്കാർക്കുനേരെ പോലീസ് അകാരണമായി ചാടിവീഴുകയായിരുന്നു. സ്ത്രീകളുൾപ്പെടെയുള്ളവരെ പോലീസ് തല്ലി. സമരത്തിനു നേതൃത്വം നൽകുന്നവരെ തിരഞ്ഞുപിടിച്ചാണ് മർദ്ദിച്ചത്. പോലീസ് ജീപ്പിലിട്ടും നിരവധി പേരെ ക്രൂരമായി മർദ്ദിച്ചു. ലാത്തിചാർജ്ജിന് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥർ മദ്യലഹരിയിലായിരുന്നു. കമ്പനിക്കുവേണ്ടി ചില പോലീസ് ഉദ്യോഗസ്ഥർ ഗുണ്ടാപ്പണി ചെയ്യുകയായിരുന്നു എന്നതാണ് യാഥാർത്ഥ്യം. സമരക്കാർക്കുനേരെ തിരിഞ്ഞ പോലീസ് സമീപത്തെ നിരവധി വീടുകളും തല്ലിതകർത്തത് ഇതുകൊണ്ടാണ്. കമ്പനിയുടെ ചിലവിൽ മദ്യവും പണവും വാങ്ങി നടത്തിയ നരനായാട്ടാണ് കാതിക്കുടത്ത് നടന്നത്.

**ടി.എൻ. പ്രതാപൻ ഉൾപ്പെടെയുള്ള ഭരണകക്ഷിയിലെ എം.എ.എയും സമരത്തിന് നേതൃത്വം നൽകാനുണ്ടായിട്ടും പോലീസിന്റെ ഭാഗത്തുനിന്നും ഇത്തരമൊരുനീക്കമുണ്ടായത് എന്തുകൊണ്ടാണ്?**

ടി.എൻ.പ്രതാപൻ എം.എൽ.എയുൾപ്പെടെയുള്ളവരുടെ നേതൃത്വത്തിലാണ് സമാധാനപരമായി സമരം നടത്തിയത്. സമരത്തിനു നേരെ പോലീസിന്റെ ഭാഗത്ത് നിന്നും പ്രകോപനം സൃഷ്ടിക്കുന്ന ഒരു സാഹചര്യവും വരാതെ നോക്കാൻ എല്ലാവരും ജാഗ്രത പുലർത്തിയിരുന്നു. അതുകൊണ്ട് തന്നെ പോലീസ് അതിക്രമങ്ങൾ ഉണ്ടാകുമെന്ന് ആരും കരുതിയിരുന്നില്ല. ടി.എൻ.പ്രതാപൻ

**കാർട്ടൂൺ:** **വി.എസ്. ഗിരീശൻ**




എം.എൽ.എ ഉൾപ്പെടെയുള്ളവർ പോയതിനുശേഷണാണ് പോലീസ് ലാത്തിച്ചാർജ്ജ് നടന്നത്.

**ടി.എൻ. പ്രതാപൻ എം.എൽ.എക്കെതിരെയും നാട്ടുകാർക്ക് പരാതിയുണ്ടോ?**

അതിനെക്കുറിച്ച് സമരസമിതിക്ക് അറിയില്ല.

**അടുത്തഘട്ട സമരപരിപാടികൾ?**

പോലീസ് ഭീകരതക്ക് മുന്നിൽ മുട്ടുമടക്കി കാതിക്കുടത്തെ ജനത ഒളിച്ചോടുമെന്ന് കരുതിയവർക്ക് തെറ്റിയെന്നതാണ് ഇന്നലെ രാത്രിയിലും തുടരുന്ന പ്രതിഷേധങ്ങൾ കാണിക്കുന്നത്. വിഷക്കമ്പനി മാലിന്യം പുറത്ത് വിടുന്നത് അവസാനിപ്പിക്കുന്ന വരെ സമരം തുടരും. സമരത്തിന് നേതൃത്വം നൽകിയവർ പരിക്കേറ്റ് ആശുപത്രിയിലാണ്. പലർക്കും സാരമായ പരിക്കേറ്റിട്ടുണ്ട്. സമരം വരും ദിവസങ്ങളിൽ ശക്തമായി തുടരുകതന്നെ ചെയ്യും. ജീവിക്കാനുള്ള അവകാശത്തെ മർദ്ദിച്ചൊതുക്കാമെന്ന് സർക്കാരും കമ്പനിയും കരുതുന്നുണ്ടെങ്കിലും അത് വ്യാമോഹം മാത്രമാണെന്ന് കാതിക്കുടം ജനത തെളിയിക്കുക തന്നെ ചെയ്യും. സമരം തകർക്കാനുള്ള ആസൂത്രിതമായ ഗൂഢാലോചനയാണ് അക്രമത്തിനു പിന്നിൽ. അതുകൊണ്ട് തന്നെയാണ് കമ്പനിക്കു മുന്നിലെ സമരപന്തലും പോലീസ് തല്ലിത്തകർത്തത്. ഇതിനുമുമ്പും നിരവധി തവണ പോലീസ് മർദ്ദനമഴിച്ചുവിട്ടിട്ടുണ്ടെങ്കിലും ഇത്രക്രൂരമായ നടപടി ഒരിക്കലും ഉണ്ടാകുമെന്ന് കരുതിയിരുന്നില്ല. എന്തൊക്കെ പോലീസ് ഭീകരതയുണ്ടായാലും കാതിക്കുടത്ത് ജനകീയ സമരം ശക്തിപ്രാപിക്കുക തന്നെ ചെയ്യും. ■

## ജനകീയ തെളിവെടുപ്പ്

പരിസ്ഥിതി മനുഷ്യാവകാശ സംഘടനകൾ രൂപം നൽകിയ ജനകീയാന്വേഷണ കമ്മീഷൻ കാതിക്കുടത്തെ പോലീസ് നടപടികളെക്കുറിച്ച് ജൂലായ് 30, 31 തീയതികളിൽ തെളിവെടുപ്പ് നടത്തി. അഡ്വ. ക്ലിഫ്ടൻ റൊസാരിയോ, ഡോ.ശ്വേതാ നാരായണൻ, വിമൽ ഭായ്, ഡോ. ജെ. ദേവിക, ഡോ. ഖദീജ മുംതാസ്, ഡോ. ഡി. സുരേന്ദ്രനാഥ്, ഡോ. ടി.വി. സജീവ്, അഡ്വ. പി.എ. പൗരൻ, കെ.പി. സേതുനാഥ്, സന്തോഷ്കുമാർ എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ.

## തൊഴിൽ എത്രപേർക്ക്?

**ജോലി** അടക്കമുള്ള കാരണങ്ങൾ പറഞ്ഞാണ് തൊഴിലാളി യൂനിയനുകളും പാർട്ടികളും എന്നും കമ്പനിക്കൊപ്പം നിൽക്കുന്നത്. എന്നാൽ നാട്ടുകാർക്ക് കാര്യമായ തൊഴിലവസരങ്ങൾ കമ്പനി നൽകുന്നില്ല. തൊഴിലാളികളുടെ എണ്ണം അടക്കമുള്ള കാര്യങ്ങൾ കമ്പനി ഇനിയും പുറത്തുവിട്ടിട്ടില്ല. എന്നാൽ, ഗ്രാമപഞ്ചായത്ത് കണക്കു പ്രകാരം മാനേജ്മെന്റ് അടക്കം ആകെ 127 തൊഴിലാളികളാണ് ഉള്ളത്. ഇവരിൽ 30 പേരാണ് നാട്ടുകാർ. അതിൽ ഭൂരിഭാഗവും ദിവസക്കൂലിക്കാരാണ്. സ്ഥിരം തൊഴിലാളികൾ ഭൂരിഭാഗവും പുറത്തുള്ളവരാണ്. ഒറീസ, ബംഗാൾ തുടങ്ങിയ പ്രദേശങ്ങളിൽനിന്നുള്ള ദിവസക്കൂലിക്കാരുമുണ്ട്. എന്നാൽ, കമ്പനി വന്നതോടെ തൊഴിൽ നഷ്ടമായവർ ഇതിലേറെയാണ്. 400 ഏക്കർ കൃഷി ഭൂമിയാണ് മലിനീകരണം മൂലം ഉപയോഗ ശൂന്യമായതെന്നാണ് പഞ്ചായത്ത് കണക്ക്. ഇത് നാട്ടുകാരെ തൊഴിൽരഹിതരാക്കിയിട്ടുണ്ട്.